**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ബാബു വിജയനാഥ് കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാകാലം പരിഷ്കരിച്ച് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ബാബു വിജയനാഥ് കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിച്ച് നൽകിവരുന്നുണ്ട്. പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരം ഏറ്റവും ഒടുവിൽ പട്ടികജാതി 09/01/2020 ലെ സ.ഉ (അച്ചടി) നം.1/2020/പജപവവിവ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവായത് |
| (ബി) | പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരം ഏത് കാലയളവിലാണ് ഏറ്റവും ഒടുവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവിറക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ബാബു വിജയനാഥ് കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിച്ച് നൽകിവരുന്നുണ്ട്. പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരം ഏറ്റവും ഒടുവിൽ പട്ടികജാതി 09/01/2020 ലെ സ.ഉ (അച്ചടി) നം.1/2020/പജപവവിവ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവായത് |
| (സി) | സ്വാശ്രയ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ; | (സി) | കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/ സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി / യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം |

| | | | |
|---|---|---|---|
| | | | നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ /സ്പോർട്സ് ക്വോട്ടയിലും ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്തുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് ഇ-ഗ്രാന്റിന് അർഹതയുണ്ട്. കൂടാതെ സർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ വഴി ഇതര സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് ഇ-ഗ്രാന്റിന് അർഹതയുണ്ട്.<br><br>സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees ഉം, സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസും അവർക്ക് ലഭിക്കും. |
| (ഡി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട, സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിൽ പ്രവേശനം നേടുന്നവർക്കും ഇതരസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്കും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/ സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി / യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ /സ്പോർട്സ് ക്വോട്ടയിലും |

| | | | |
|---|---|---|---|
| | | | ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്തുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് ഇ-ഗ്രാന്റിന് അർഹതയുണ്ട്. കൂടാതെ സർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ വഴി ഇതര സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് ഇ-ഗ്രാന്റിന് അർഹതയുണ്ട്.<br><br>സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees ഉം, സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസും അവർക്ക് ലഭിക്കും. |
| (ഇ) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട, വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഇ) | ഓരോ അധ്യയന വർഷവും വിജ്ഞാപനത്തിൽ നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ ഓൺലൈനായി e-grantz3.0 പോർട്ടൽ മുഖേന അപേക്ഷിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികൾ ക്ക് അർഹതക്ക വിധേയമായി സ്കോളർഷിപ്പ് തുക വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ